## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5695 02.07.2014-ൽ മറുപടിക്ക്**

**മിഷൻ 676 - ൽ ഉൾ പ്പെടുത്തിയ പദ്ധതികൾ**

**ചോദ്യം**
ശ്രീ.കോടിയേരി ബാലകൃഷ്ണൻ

(എ) മിഷൻ 676 -ൽ ഉൾ പ്പെടുത്തി ജലവിഭവ വകുപ്പിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ ;

**മറുപടി**
ശ്രീ. പി.ജെ. ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

(എ) മിഷൻ 676 ൽ ഉൾ പ്പെടുത്തി കേരള വാട്ടർ അതോറിറ്റി വലുതും ചെറുതുമായ 154 കുടിവെള്ള പദ്ധതികളാണ് പൂർത്തീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. പദ്ധതികൾ പൂർത്തിയാകുന്നതോടെ സംസ്ഥാനത്തെ 60 ശതമാനം ജനങ്ങൾക്കും പൈപ്പ് വഴി കുടിവെള്ളം ലഭ്യമാകും. ജിക്ക സഹായത്തോടെയുള്ള മൂന്ന വൻകിട പദ്ധതികളായ പട്ടുവം, കോഴിക്കോട്, ചേർത്തല എന്നിവയുടെ രണ്ടാംഘട്ട വിപുലീകരണം, കൊച്ചി നഗരത്തിനുള്ള ശുദ്ധജല വിപുലീകരണ പദ്ധതി, വിവിധ മുനിസിപ്പാലിറ്റികൾക്കുള്ള സമഗ്ര കുടിവെള്ള പദ്ധതി എന്നിവ മിഷൻ 676 ൽ ഉൾ പ്പെടുത്തി പ്രവൃത്തി ആരംഭിക്കുന്നതാണ്. കുടിവെള്ള വിതരണം സുഗമമാക്കാൻ പമ്പിംഗ് സ്റ്റേഷനുകൾക്ക് സമീപം തടയണകൾ നിർമ്മിച്ച് സ്രോതസ്സുകൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി 184 ഓളം തടയണകൾ 106.06 കോടി രൂപ ചെലവിൽ നിർമ്മിക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയുടെ നിർമ്മാണം ഈ കാലയളവിൽ പൂർത്തിയാക്കുന്നതാണ്.

ജലനിധി രണ്ടാം ഘട്ട പദ്ധതി പൂർത്തി യാക്കുന്നതോട്ടുകൂടി 200 ഗ്രാമപഞ്ചായത്തു കളിൽ ശുദ്ധജലം എത്തിക്കാനാകു മെന്നാണ് പ്രതീക്ഷിക്കുന്നത്. തെരഞ്ഞെടുത്ത 92 ഗ്രാമ പഞ്ചായത്തു കളിൽ ഇപ്പോൾ ജലനിധി പദ്ധതിയുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

മഴവെള്ളത്തെ കിണറുകളിലേക്ക് റീ ചാർജ് ചെയ്ത് ജലസമൃദ്ധിയും ജലശുദ്ധിയും ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ മഴസമൃദ്ധി എന്ന പേരിൽ സംസ്ഥാനത്തെ 100 പഞ്ചായത്തുകളിൽ കിണർ റീ ചാർജ് പദ്ധതി മിഷൻ 676 ന്റെ ഭാഗമായി ഒന്നാം ഘട്ടത്തിൽ നടപ്പിലാക്കും.

| | | |
|---|---|---|
| (ബി) | ഇതിനായി എന്ത് തുക ആവശ്യമായി വരുമെന്ന് അറിയിക്കുമോ? | (ബി) കേരള വാട്ടർ അതോറിറ്റി നടപ്പാക്കുന്ന പദ്ധതികളുടെ അടങ്കൽ തുക 3018.72 കോടി രൂപയാണ്. ജലനിധി പദ്ധതികളുടെ വിവിധ പ്രവർത്തനങ്ങൾക്കായി 31.03.2014 വരെ 119.94 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പൂർത്തിയാവുമ്പോൾ 1022 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ആകെ 57 കോടി രൂപയുടെ പദ്ധതികൾ നടപ്പാക്കാനാണ് ഭൂജലവകുപ്പ് ലക്ഷ്യമിട്ടിരിക്കുന്നത്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ